<u>**15 -ാം കേരള നിയമസഭ**</u>

<u>**14 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1419**</u> <u>**19-09-2025 - ൽ മറുപടിയ്ക്ക്**</u>

<u>**വിനോദ സഞ്ചാര വികസനം**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**<br>**ശ്രീ. കെ. ആൻസലൻ,**<br>**ശ്രീ. ലിന്റോ ജോസഫ്,**<br>**ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വിദേശ വിനോദ സഞ്ചാരികളെ ടൂറിസ്റ്റ് സീസണിന് പുറമെ വർഷം മുഴുവനായും ആകർഷിക്കുകയും നില നിർത്തുകയും ചെയ്യുക എന്ന ലക്ഷ്യം നേടാൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; | (എ) | ആഭ്യന്തര വിദേശ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുവേണ്ടി സമ്പൂർണ്ണ ടൂറിസം സീസൺ പദ്ധതിയുടെ ഭാഗമായി ടൂറിസം പദ്ധതികൾ നൂതനവും കാലികവുമാക്കാനുള്ള നിരവധി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്ത് എല്ലാ സമയവും വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് വൈവിദ്ധ്യമാർന്ന പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.കേരളത്തിന്റെ ഏറ്റവും വലിയ സാംസ്കാരിക ഉത്സവമായ ഓണം ലോക ടൂറിസം ഭൂപടത്തിൽ അടയാളപ്പെടുത്തി, സഞ്ചാരികളെ ആകർഷിക്കാനുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നു.ഓണത്തോട് അനുബന്ധിച്ചുള്ള സാംസ്കാരിക ഉത്സവങ്ങൾക്കും ടൂറിസം വകുപ്പ് പ്രോത്സാഹനം നൽകുന്നു.ചാമ്പ്യൻസ് ബോട്ട് ലീഗ് എന്ന പേരിലുള്ള വള്ളം കളി മത്സരവും ഈ നിലയിലുള്ള ചുവടുവെപ്പാണ്. മലബാർ വാട്ടർ ഫെസ്റ്റ് എന്ന പേരിൽ അന്താരാഷ്ട്ര കയാക്കിംഗ് മത്സരം വൻതോതിൽ സഞ്ചാരികളെ ആകർഷിക്കുന്നു. അതോടൊപ്പം കോന്നി മണ്ഡലത്തിലും ഇത്തവണ കയാക്കിംഗ് മത്സരം സംഘടിപ്പിച്ചു. മൺസൂൺ ഫെസ്റ്റുകളും വെൽനസ്സ് ടൂറിസം ക്യാമ്പയിനുകളും സംഘടിപ്പിക്കുന്നുണ്ട്.<br><br><u>**മലബാർ റിവർഫെസ്റ്റ്**</u><br><br>കേരളത്തിലെ സാഹസിക ടൂറിസത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് കൂടുതൽ വിദേശ ടൂറിസ്റ്റുകളേയും ആഭ്യന്തര സഞ്ചാരികളെയും ആകർഷിക്കുന്നതിനായി ജലസാഹസിക പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി തുഷാരഗിരിയിൽ വൈറ്റ് വാട്ടർ കയാക്കിംഗ് മത്സരം |

| | | | |
|---|---|---|---|
| | | | നടത്തുകയുണ്ടായി. മലബാർ റിവർഫെസ്റ്റിന്റെ ഭാഗമായി നടത്തിയ വാട്ടർ കയാക്കിംഗ് മത്സരങ്ങളിൽ ദേശീയ അന്തർദേശീയതലത്തിൽ ശ്രദ്ധേയരായ കയാക്കർമാർ പങ്കെടുക്കുകയുണ്ടായി . |
| (ബി) | വിദേശ സഞ്ചാരികൾക്ക് സഹായകരമാകും വിധം സംസ്ഥാനത്തേയ്ക്ക് നേരിട്ടുള്ള അന്തർദേശീയ വിമാന സർവീസുകൾ ആരംഭിക്കുന്നതിന് സർക്കാർ നടത്തുന്ന ശ്രമങ്ങൾ എന്തൊക്കെയാണ്; | (ബി) | വിവിധ എയർലൈനുകളുമായി ഉൾപ്പെടെ യോഗങ്ങൾ ചേരുന്നുണ്ട്. |
| (സി) | കൊച്ചി, കോഴിക്കോട്, കൊല്ലം, ബേപ്പൂർ, മംഗലാപുരം, ഗോവ എന്നിവയെക്കൂടി ബന്ധിപ്പിച്ചുകൊണ്ടുള്ള ക്രൂയിസ് ടൂറിസം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (സി) | 2022-23 സാമ്പത്തിക വർഷത്തെ ആൾട്ടറേഷൻ മെമ്മോറാണ്ടം ബജറ്റ് പ്രസംഗത്തിൽ കോവളം, കൊല്ലം, കൊച്ചി, ബേപ്പൂർ, മംഗലാപുരം, ഗോവ മുതലായ സ്ഥലങ്ങളെ ബന്ധിപ്പിക്കുന്ന ക്രൂയിസ് ടൂറിസം വികസന പദ്ധതിക്ക് 5 കോടി രൂപ വകയിരുത്തിയിരുന്നു. ക്രൂയിസ് ടൂറിസം നയം രൂപപ്പെടുത്തുന്നതിനുള്ള ഡ്രാഫ്റ്റ് റിപ്പോർട്ടും നയവും M/s KTIL തയ്യാറാക്കി ടൂറിസം വകുപ്പിൽ സമർപ്പിച്ചിരുന്നു.<br><br>സർക്കാർ 16.01.2023-ലെ G.O.(Rt) No.22/2023/TSM പ്രകാരം ഡ്രാഫ്റ്റിംഗ്/വിദഗ്ധ സമിതി രൂപീകരിച്ചു. 17.05.2023-ന് നടന്ന ആദ്യ യോഗത്തിൽ നയത്തിന്റെ അടിസ്ഥാന ആവശ്യകതകളും തുടർ നടപടികളും വിശദമായി ചർച്ച ചെയ്തു. തുടർന്ന്, 08.06.2023-ന് കൊച്ചിയിൽ കാസിനോ ഹോട്ടലിൽ ഓപ്പറേറ്റർമാരുടെ നിർദേശങ്ങൾ തേടി സ്റ്റേക്ക് ഹോൾഡേഴ്സ് മീറ്റും നടത്തി.<br><br>കൊച്ചി പോർട്ട് അതോറിറ്റി വെല്ലിംഗ്ടൺ ദ്വീപിൽ ക്രൂയിസ് ടൂറിസം/ഹെലിടൂറിസം ആവശ്യങ്ങൾക്കായി സ്ഥലം അനുവദിക്കാൻ സന്നദ്ധത പ്രകടിപ്പിക്കുകയും, സർക്കാർ നിർദേശപ്രകാരം KTIL-നെ ടൂറിസം മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തു. സെപ്റ്റംബർ 2023-ൽ സൈറ്റ് സന്ദർശനം, ഡാറ്റ ശേഖരണം എന്നിവ നടത്തിയ ശേഷം മാസ്റ്റർപ്ലാൻ തയ്യാറാക്കി 21.09.2023-ന് പോർട്ട് അതോറിറ്റിയിൽ അവതരിപ്പിച്ചു.<br><br>Yacht ടൂറിസവും ക്രൂയിസ് ടൂറിസം നയത്തിന്റെ ഭാഗമായി ഉൾപ്പെടുത്തണമെന്ന് 19.01.2022-ലെ യോഗത്തിൽ നിർദേശിക്കുകയും, ആവശ്യമായ ഭേദഗതികൾ ഉൾപ്പെടുത്തുകയും ചെയ്തു. തുടർന്ന് , പരിഷ്കരിച്ച ക്രൂയിസ് ടൂറിസം നയം 20.05.2024-ന് KTILൽ സമർപ്പിക്കുകയും, സർക്കാർ നിർദേശപ്രകാരം സാമ്പത്തിക ബാധ്യതകൾ വേർതിരിച്ച് 06.11.2024-ന് KTIL ൽ സമർപ്പിച്ച |

| | | | |
|---|---|---|---|
| | | | അന്തിമ നയം നിലവിൽ സർക്കാരിന്റെ പരിശോധനയിലുമാണ്. വെല്ലിംഗ്ടൺ ദ്വീപിൽ ക്രൂയിസ് ടെർമിനൽ നവീകരിക്കാനുള്ള പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തേയ്ക്ക് വിദേശ സഞ്ചാരികളെ ആകർഷിക്കുംവിധം അന്താരാഷ്ട്ര ബിസിനസ് മീറ്റുകൾ സംഘടിപ്പിക്കാൻ സാധിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | അന്താരാഷ്ട്ര സന്ദർശകരെ ആകർഷിക്കുന്നതിനും കേരളത്തിന്റെ വൈവിധ്യമാർന്ന ടൂറിസം ഓഫറുകൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള കേരള ടൂറിസത്തിന്റെ വിപണന തന്ത്രത്തിന്റെ നിർണായക ഘടകമാണ് അന്താരാഷ്ട്ര ടൂറിസം മേളകളിലെ പങ്കാളിത്തം. ഈ മേളകൾ കേരളത്തിന്റെ ടൂറിസം സാധ്യതകൾ ലോകമെമ്പാടുമുള്ള യാത്രാ പ്രൊഫഷണലുകൾ, ടൂർ ഓപ്പറേറ്റർമാർ, സാധ്യതയുള്ള വിനോദസഞ്ചാരികൾ എന്നിവർക്ക് മുന്നിൽ അവതരിപ്പിക്കുന്നതിനുള്ള വേദി നൽകുന്നു. ഈ ലക്ഷ്യത്തോടെ അന്താരാഷ്ട്ര വിനോദ സഞ്ചാര മേഖലയിൽ കേരള ടൂറിസത്തിന്റെ സാന്നിദ്ധ്യം നിലനിർത്തുന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുമായി വിനോദസഞ്ചാര വകുപ്പ് WTM ലണ്ടൻ, PATA ട്രാവൽമാർട്ട്. FITUR മാഡ്രിഡ്, ITB Berlin തുടങ്ങി വിവിധ അന്താരാഷ്ട്ര ടൂറിസം വിപണന മേളകളിൽ പങ്കെടുക്കുകയും Sydney, Melbourne, Frankfurt, Munich, Barcelona, Milan, Paris, London തുടങ്ങിയ അന്താരാഷ്ട്ര നഗരങ്ങളിൽ ബിസിനസ് മീറ്റുകൾ സംഘടിപ്പിച്ചും വരുന്നു. പ്രശസ്തമായ ഈ അന്താരാഷ്ട്ര മേളകളിൽ പങ്കെടുക്കുന്നതിലൂടെ, ഒരു പ്രമുഖ വിനോദസഞ്ചാര കേന്ദ്രമെന്ന നിലയിൽ കേരള ടൂറിസം അതിന്റെ ബ്രാൻഡ് ഇമേജ് ശക്തിപ്പെടുത്തുന്നു.അതോടൊപ്പം കേരള ട്രാവൽമാർട്ട് എന്ന പേരിൽ കേരളത്തിലും വിപുലമായ ടൂറിസം മേള സംഘടിപ്പിക്കാറുണ്ട്. മലബാറിലെ ടൂറിസം കേന്ദ്രങ്ങളുടെ പ്രചരണം ലക്ഷ്യമിട്ട് മലബാർ ബിടുബി മീറ്റും ഈ സർക്കാർ സംഘടിപ്പിച്ചു വരുന്നു.ഡെസ്റ്റിനേഷൻ വെഡ്ഡിംഗ്,മൈസ് ടൂറിസം എന്നീ വിനോദസഞ്ചാര വകുപ്പ് നടത്തുന്ന അന്തർദേശീയ പ്രചരണങ്ങളുടെ ഫലമായി 2024 -2025 കാലയളവിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് 89,317 ഓളം സഞ്ചാരികളുടെ വർദ്ധനവുണ്ടായിട്ടുണ്ട്. കേരളത്തിലേക്കുള്ള വിനോദസഞ്ചാരികളുടെ ക്രമാനുഗതമായ വർദ്ധനവ് കണക്കാക്കുമ്പോൾ വിനോദസഞ്ചാര വകുപ്പ് നടത്തുന്ന പ്രചരണ പ്രവർത്തനങ്ങൾ ഫലപ്രദമാണെന്നു കാണാവുന്നതാണ്. ഇതുവഴി വിനോദസഞ്ചാര മേഖലയിൽ കൂടുതൽ തൊഴിലവസരം സൃഷ്ടിക്കപ്പെടുന്നുവെന്നും കേരളത്തിന്റെ സമ്പദ് |

| | | | | |
|---|---|---|---|---|
| | | | | വ്യസ്ഥയ്ക്കും ഗുണം ചെയ്യുന്നുവെന്നും വകുപ്പ് വിലയിരുത്തുന്നു. |

സെക്ഷൻ ഓഫീസർ